**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **14-01-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ; | (എ) | 1. കരുനാഗപ്പള്ളി മുനസിപ്പാലിറ്റിയിലെ മൂത്തേത്ത് കടവിൽ നിലവിലുള്ള കുഴൽ കിണർ കാലപ്പഴക്കം കാരണം ജലത്തിന്റെ ലഭ്യത കുറഞ്ഞതിനാൽ എം.എൽ.എ ഫണ്ടിൽ നിന്നും പുതിയ കുഴൽ കിണർ സ്ഥാപിക്കുന്ന പ്രവൃത്തി ഭൂജലവകുപ്പിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നു. അനുബന്ധ പ്രവൃത്തികൾക്കുള്ള ദർഘാസ് ക്ഷണിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയുടെ തുടർ നടപടി സ്വീകരിച്ചു വരുന്നു. 2. കരുനാഗപ്പള്ളിയിലെ ആലുംകടവിൽ മുനസിപ്പാ ലിറ്റിയുടെ ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ പുതിയ കുഴൽകിണർ സ്ഥാപിച്ചു. പമ്പ് സെറ്റ് സ്ഥാപിച്ച് പമ്പിംഗ് ആരംഭിച്ചു. എങ്കിലും വെള്ളത്തിൽ ചെളിയുടെ അംശം കാരണം പമ്പിംഗ് തുടരാൻ കഴിഞ്ഞില്ല. ടി. പ്രശ്നം പരിഹരിക്കുന്നതിന് ഭൂജലവകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു . 3. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തി ഇനത്തിൽ എസ് . വി മാർക്കറ്റ്, കോഴിക്കോട് എന്ന സ്ഥലത്തു പുതിയ കുഴൽ കിണറിന്റെയും അനുബന്ധ പ്രവൃത്തികളുടെയും പണി പുരോഗമിക്കുന്നു. ഇവിടെയും കുഴൽ കിണറിൽ നിന്നും ലഭിക്കുന്ന വെള്ളത്തിന്റെ കലക്കൽ മാറ്റുന്നതിന് ഭൂജലവകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. 4. തൊടിയൂർ പഞ്ചായത്തിൽ ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി കല്ലേലി ഭാഗത്ത് പുതിയ കുഴൽ കിണർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 5. തഴവ പഞ്ചായത്തിലെ ആല്ലുംമൂട് പുതിയ കുഴൽ കിണർ സ്ഥാപിക്കുന്ന പ്രവൃത്തി ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി ദർഘാസ് നൽകിയിട്ടുണ്ട് . 6. കെ.എസ് പുരം പഞ്ചായത്തിലെ തുറയിൽകടവ് കൊപ്ര സംഭരണ കേന്ദ്രത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പുതിയ കുഴൽ കിണർ നിർമ്മിച്ചു. അനുബന്ധ പ്രവൃത്തികൾ പഞ്ചായത്ത് ഡെപ്പോസിറ്റായി ദർഘാസ് |

| | | | |
|---|---|---|---|
| | | | ക്ഷണിച്ചിട്ടുണ്ട് . 7. പുതിയകാവ് , ഭീംനഗർ, വള്ളിക്കാവ് മണ്ണടിശ്ശേരി എന്നീ സ്ഥലങ്ങളിൽ പുതിയ കുഴൽ കിണറുകൾ ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ജൽ ജീവൻ മിഷൻ പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ആയതിന്റെ പുരോഗതിയും വിശദീകരിക്കുമോ; | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ഓച്ചിറ, കെ.എസ് പുരം, ക്ലാപ്പന, ആലപ്പാട് , തൊടിയൂർ, തഴവ എന്നീ പഞ്ചായത്തുകളിലേക്ക് പുതിയ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കുലശേഖരപുരം പഞ്ചായത്ത് പ്രവൃത്തികൾ; പുതിയകാവ് , മണ്ണടിശ്ശേരി, ഭീം നഗർ, വള്ളിക്കാവ് എന്നി വിടങ്ങളിൽ കുഴൽ കിണറും അനുബന്ധ പ്രവൃത്തികളും,7500 m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 3000 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു . ക്ലാപ്പന പഞ്ചായത്ത് പ്രവൃത്തികൾ : 5000 m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 2057 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി . ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഓച്ചിറ പഞ്ചായത്ത് പ്രവൃത്തികൾ : 10000 m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 6547 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. കണ്ടിയൂർ കടവിലെ റോ വാട്ടർ പമ്പ്ഹൗസിൽ 300 HP VT പമ്പ്സെറ്റും , 630 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതും അനുബന്ധ പ്രവൃത്തികളും. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു . ആലപ്പാട് പഞ്ചായത്ത് പ്രവൃത്തികൾ : 1050 m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 100 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. തൊടിയൂർ പഞ്ചായത്ത് പ്രവൃത്തികൾ : മാലുമേൽ പ്രദേശത്ത് കുഴൽ കിണറും അനുബന്ധ പ്രവൃത്തികളും, 20000 m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 3400 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെയെല്ലാം ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. തഴവ പഞ്ചായത്ത് പ്രവൃത്തികൾ : ആലുംമൂട് പ്രദേശത്ത് കുഴൽകിണറും |

| | | | |
|---|---|---|---|
| | | | അനുബന്ധ പ്രവൃത്തികളും, 21700 m നീളത്തിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്ന പ്രവൃത്തി, 2900 എണ്ണം ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി, ബൾക്ക് വാട്ടർ മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി. ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് . |
| (സി) | രൂക്ഷമായ കുടിവെള്ളക്ഷാമം നിലവിലുള്ള കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ; വിശദീകരിക്കുമോ; | (സി) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകളും കുന്നത്തൂർ നിയോജകമണ്ഡലത്തിലെ പോരുവഴി കുന്നത്തൂർ, ശൂരനാട് വടക്ക് എന്നീ പഞ്ചായത്തുകളും ചേർത്ത് ഒരു സംയോജിത കുടിവെള്ള പദ്ധതിയുടെ പ്രാഥമിക രൂപരേഖ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ഡി) | ഓച്ചിറ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കണ്ടിയൂർ കടവിലെ പമ്പിംഗ് ശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏതെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | കണ്ടിയൂർ കടവിലുള്ള റാ വാട്ടർ പമ്പ്ഹൗസിൽ വൈദ്യുതിതടസ്സം പരിഹരിക്കുന്നതിനായി Alternate feeder/exclusive feeder സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജൽ-ജീവൻ മിഷനിൽ ഉൾപ്പെടുത്തി ടി ആവശ്യത്തിലേക്കായി 80.85 ലക്ഷം രൂപ കെ.എസ് .ഇ.ബിയ്ക്ക് അടയ്ക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇൻടേക്ക് വെൽകം പമ്പ് ഹൗസിലെ കാലപഴക്കംചെന്ന പമ്പ് സെറ്റ്മാറ്റി പുതിയ 2 എണ്ണം 300 ഹെച് .പി പമ്പ് സെറ്റും 630 KVA ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ